6. തൊണ്ടുതല്ലു യന്ത്രങ്ങൾക്ക് സർക്കാർ ഇപ്പോൾ അനുമതി കൊടുക്കുന്നില്ല.

7. കയറിന്റെ വില സമയാസമയങ്ങളിൽ മാർക്കറ്റു വിലയുടെ അടിസ്ഥാനത്തിൽ പുതുക്കി നിശ്ചയിക്കുന്നുണ്ട്.

8. പ്രാഥമിക കയർ സഹകരണ സംഘങ്ങൾക്ക് നിലവിലുള്ള നിയമമനുസരിച്ച് മാനേജീരിയൽ സബ്സിഡി നൽകുന്നുണ്ട്.

9. മുൻപുള്ളതുപോലെ സഹകരണ സംഘങ്ങൾ ഇപ്പോഴും തൊണ്ടഴുക്കുന്നതിന് പുറമ്പോക്കു സ്ഥലങ്ങൾ ഉപയോഗിക്കുന്നുണ്ട്.

10. കയർ മാറ്റ്സ് ആൻറ് മാറ്റിംഗ് സഹകരണ സംഘങ്ങൾക്കും നിലവിലുള്ള നിയമമനുസരിച്ച് മാനേജീരിയൽ ഗ്രാൻറു നൽകുന്നുണ്ട്.

11. ചെറുകിട കയറുപായ് ഉൽപ്പാദകരുടെ സംഘം രൂപീകരിക്കുവാൻ ആറാം പദ്ധതിയിൽ പരിപാടി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

12. സംഘം കമ്മറ്റിയിലേക്ക് തിരഞ്ഞെടുപ്പു കഴിഞ്ഞ ഉടനെ തന്നെ ഗവൺമെൻറ് പ്രതിനിധിയെ നോമിനേറ്റു ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

13. സർവ്വീസ് സഹകരണ സംഘങ്ങളിൽ സംഭരിക്കുന്ന പച്ച തൊണ്ട് കയർ സഹകരണസംഘങ്ങൾക്ക് നൽകുന്നതിനു വേണ്ട നടപടി എടുത്തിട്ടുണ്ട്.

14. ഒരു കേന്ദ്ര മാർക്കറ്റിംഗ് ഫെഡറേഷൻ രൂപീകരിക്കുന്നതിന് വേണ്ട നടപടികളും സ്വീകരിച്ചു കഴിഞ്ഞു.

മലിനജലം നീക്കം ചെയ്യുന്നതിന് നിർദ്ദേശം

* 497 [525] ശ്രീ. സീതി ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ ഗ്വാളിയോർ റയോൺസ് പംപ്പ് ഡിവിഷനിൽ നിന്നും മലിനജലം നീക്കം ചെയ്യുന്നതിന് ഗവൺമെൻറ് കമ്പനിക്കു വല്ല നിർദ്ദേശവും നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ ഏതെല്ലാം;

(സി) ഈ നിർദ്ദേശങ്ങൾ കമ്പനി ലംഘിക്കുന്നതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു?

വ്യവസായവും വനവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ):

(എ) ഗ്വാളിയോർ റയോൺസ് ഫാക്ടറിയിൽ നിന്നുമുള്ള മലിന വസ്തുക്കളുംമൂലം ചാലിയാർ പുഴയിലുണ്ടാകുന്ന ജലമലിനീകരണം നിയന്ത്രിക്കുന്നതിന് സംസ്ഥാന ഗവൺമെൻറിന്റെ കീഴിലുള്ള ജല മലിനീകരണ നിയന്ത്രണ ബോർഡ് നിർദ്ദേശങ്ങൾ ഫാക്ടറി ഉടമയ്ക്ക് നൽകിയിട്ടുണ്ട്. ഗവൺമെൻറ് നേരിട്ട് നിർദ്ദേശമൊന്നും നൽകിയിട്ടില്ല.

(ബി) 1. ഫാക്ടറിയിൽ നിന്നും പുറന്തള്ളുന്ന മലിന ജലത്തിലെ മാലിന്യങ്ങളുടെ കാഠിന്യം കുറയ്ക്കുന്നതിന് ചില പ്രക്രിയകൾ നടത്തുക.

LIBRARY ARCHIVES Kerala Legislative Assembly

2. മലിനജലം ഇപ്പോഴും ഒഴുക്കുന്ന സ്ഥലത്തിന് 6.4 കിലോമീറ്റർ താഴെ ചുങ്കപ്പള്ളിയിൽ ഒഴുക്കുക.

(സി) ഉണ്ട്.

(ഡി) 10.8.1977—ൽ കൂടിയ ബോർഡ് യോഗത്തിൽ ചുങ്കപ്പള്ളിയിൽ മലിനജലം ഒഴുക്കുന്നതിനു വേണ്ട പണികളും പുരോഗമിക്കുന്നില്ലെന്നുള്ള വസ്തുത പരാമർശ വിഷയമാക്കുകയുണ്ടായി. ഈ പണികളും പൂർത്തിയാക്കുന്നതിന് ഇനി കൂടുതൽ സമയം അനുവദിക്കേണ്ടതില്ലെന്ന് ബോർഡു തീരുമാനിച്ചു. നിർദ്ദേശങ്ങളും കമ്പനി നടപ്പിലാക്കാഞ്ഞതിന്റെ കാരണം കാണിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 18.9.1977-ൽ മാനേജ്മെന്റിനു നോട്ടീസ് നൽകുകയുണ്ടായി. 30.11.1977-ൽ ഫാക്ടറി പണിമുടക്കു മൂലം അടച്ചിടുകയുണ്ടായി. ഫാക്ടറി 5.8.1978 ൽ പുനരാരംഭിച്ചപ്പോഴും തന്നെ മലിനീകരണ നിവാരണത്തിനാവശ്യമായ നടപടികളും സ്വീകരിച്ചു. ഗവൺമെന്റ് നിർദ്ദേശമനുസരിച്ച് ഈ പ്രശ്നം 20.2.1979 ലെ ബോർഡിന്റെ അസാധാരണ യോഗം പരിഗണിക്കുകയും ഫാക്ടറി റയോൺസിനെതിരെ പ്രോസിക്യൂഷൻ നടപടികളും എടുക്കുകയും ചെയ്തിട്ടുണ്ട്.

ലാൻറ് അക്വിസിഷൻ നടപടികളും പൂർത്തിയാകാത്തതുകൊണ്ട് മുടങ്ങിയ റോഡു പണികൾ

* 498 [526] ശ്രീ. എ.വി. താമരാക്ഷൻ:

,, ത്യാഗരാജൻ:

,, കല്ലട നാരായണൻ:

,, ആർ. എസ്. ഉണ്ണി: താഴെ കാണുന്ന ചോദ്യത്തിനു മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

ലാൻറ് അക്വിസിഷൻ നടപടികളും പൂർത്തിയാകാത്തതുകൊണ്ട് എത്ര റോഡുകളുടെ പണി മുടങ്ങിക്കിടക്കുന്നു എന്ന് വ്യക്തമാക്കാമോ?

മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി (ശ്രീ. കെ. പങ്കജാക്ഷൻ): 51.

അന്തരീക്ഷ മലിനീകരണം

* 499 [527] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏലൂർ-എടയാർ-കളമശ്ശേരി മേഖലയിലെ അന്തരീക്ഷ മലിനീകരണം സംബന്ധിച്ച് 19.12.1978 ലെ മാതൃഭൂമിയിൽ വന്ന വാർത്ത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടുവോ;

(ബി) ഇക്കാര്യത്തിൽ ഗവൺമെന്റ് എന്തു നടപടി സ്വീകരിച്ചു?

വ്യവസായവും വനവും വകുപ്പു മന്ത്രി (ശ്രീ. പി.എസ്. ശ്രീനിവാസൻ):

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly